# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജൂലൈ 20

# വാർത്താക്കുറിപ്പ്

## എൻ. റാം എം.ജി. സർവകലാശാല ബഞ്ചമിൻ ബയ്‌ലി ചെയർ

മഹാത്മാഗാന്ധി സർവകലാശാലയിൽ പുതുതായി സ്ഥാപിതമായ ബഞ്ചമിൻ ബയ്‌ലി ചെയറിന്റെ അധ്യക്ഷനായി ദ് ഹിന്ദു പബ്ലിഷിംഗ് ഗ്രൂപ്പിൻ്റെ ഡയറക്ടർ എൻ. റാമിനെ നിയോഗിച്ചു. മഹാത്മാഗാന്ധി സർവകലാശാലയും സി.എം.എസ്. കോളേജും സംയുക്തമായിട്ടാണ് ചെയറിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. അച്ചടിയുടെ പിതാവായ ബഞ്ചമിൻ ബയ്‌ലിയുടെ പേരിലുള്ള ചെയർ ഓഗസ്റ്റ് മാസത്തിൽ തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് വൈസ് ചാൻസലർ ഡോ. സാബു തോമസ് അറിയിച്ചു. അച്ചടി, പത്രപ്രവർത്തനം എന്നിവ മലയാളഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഉണ്ടാക്കിയ ഈടുവെപ്പുകളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ സിമ്പോസിയങ്ങൾ എന്നിവ ചെയറിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കും.

നാഷണൽ ഇന്റഗ്രേഷൻ കൗൺസിൽ അംഗം, ഇന്ത്യ-ചൈന എമിനന്റ് പേഴ്സൺസ് ഗ്രൂപ്പ് അംഗം എന്നീ നിലകളിലും പ്രവർത്തിക്കുന്ന എൻ.റാം മദ്രാസ് പ്രസിഡൻസി കോളേജിൽ നിന്നും എം.എ., കൊളംബിയ സർവകലാശാലയിൽ നിന്നും കമ്പാരിറ്റീവ് ജേണലിസം ഡിഗ്രികൾ സമ്പാദിച്ചിട്ടുണ്ട്. 1966 മുതൽ ദ ഹിന്ദു പത്രത്തിന്റെ എഡിറ്റർ ഇൻ ചീഫ്, ചെയർമാൻ, ഡയറക്ടർ തുടങ്ങി വിവിധ പദവികൾ അലങ്കരിച്ച അദ്ദേഹത്തെ 1990ൽ രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചു. ബി.ഡി. ഗോയങ്ക അവാർഡ്, നാഷണൽ സിറ്റിസൺസ് അവാർഡ്, ജെ.ആർ.ഡി. ടാറ്റാ അവാർഡ്, ശ്രീലങ്കരത്ന അവാർഡ് തുടങ്ങി ദേശീയവും അന്തർദ്ദേശീയവുമായ നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാല അദ്ദേഹത്തിന് ഡി.ലിറ്റ് നൽകിയിട്ടുണ്ട്.

### ഫോട്ടോ ക്യാപ്ഷൻ

**എൻ. റാം**

(പി.ആർ.ഒ/39/660/2021)

## എം.ജി യിലെ എം.ടെക് പ്രോഗ്രാമുകൾക്ക് എ.ഐ.സി.ടി.ഇ. അംഗീകാരം

മഹാത്മാഗാന്ധി സർവകലാശാല കാമ്പസിൽ പുതുതായി ആരംഭിച്ചിട്ടുള്ള എനർജി സയൻസ് ആന്റ് ടെക്നോളജി, നാനോ സയൻസ് ആന്റ് ടെക്നോളജി വിഷയങ്ങളിലുള്ള എം.ടെക് പ്രോഗ്രാമുകൾക്ക് ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ (എ.ഐ.സി.ടി.ഇ.) അംഗീകാരം.

സർവകലാശാല ആസ്ഥാനത്തുള്ള സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി എന്നിവയ്ക്ക് കീഴിലാണ് പുതിയ പ്രോഗ്രാമുകൾ നടത്തുക. ഒരു ബാച്ചിൽ 12 വീതം കുട്ടികൾക്കാണ് പ്രവേശനം. എ.ഐ.സി.ടി.ഇ. അംഗീകാരമായതോടെ കോഴ്സുകളിൽ ചേരുന്ന ജി.എ.റ്റി.ഇ. സ്കോർ നേടിയിട്ടുള്ള കുട്ടികൾക്ക് എ.ഐ.സി.റ്റി.ഇ. ഫെലോഷിപ്പിനും അർഹത ഉണ്ടായിരിക്കും. അർഹരായ കുട്ടികൾക്ക് വിദേശരാജ്യങ്ങളിലെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളിൽ പ്രോജക്ടുകൾ ചെയ്യുന്നതിനുള്ള അവസരവും ലഭിക്കും. ഇതുകൂടാതെ സർവകലാശാലക്ക് എ.ഐ.സി.ടി.ഇ. ധനസഹായം ലഭിക്കുന്നതിനുള്ള സാധ്യതകളും തെളിയും. ഈ കോഴ്സുകൾക്ക് www.cat.mgu.ac.in എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കാനുള്ള സമയം ജൂലൈ 23ന് ഉച്ചയ്ക്ക് 12 വരെ

cat.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾ 0481-2733595, 9188661784 എന്നീ ഫോൺ നമ്പരുകളിലും cat@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലും ലഭിക്കും.

(പി.ആർ.ഒ/39/661/2021)

## എം.ജി: എൻ.എസ്.എസ്. അവാർഡുകൾ

മഹാത്മാഗാന്ധി സർവകലാശാല കഴിഞ്ഞ അധ്യയന വർഷത്തെ നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്) പ്രവർത്തന മികവിനുള്ള അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച എൻ.എസ്.എസ്. യൂണിറ്റിനും പ്രോഗ്രാം ഓഫീസർക്കും എൻ.എസ്.എസ്. സൗഹൃദ പ്രിൻസിപ്പലിനുമുള്ള മോസസ് ട്രോഫിയും മെറിറ്റ് സർട്ടിഫിക്കറ്റും മണർകാട്, സെന്റ് മേരീസ് കോളേജ് കരസ്ഥമാക്കി. കോളേജിലെ പ്രോഗ്രാം ഓഫീസർ ബി.ജി. മഞ്ജുഷയും പ്രിൻസിപ്പൽ ഡോ. പുന്നൻ കുര്യനുമാണ്. മികച്ച കോളേജിനും പ്രോഗ്രാം ഓഫീസർക്കുമുള്ള അവാർഡുകൾ നേടിയ മറ്റ് കോളേജുകളും പ്രോഗ്രാം ഓഫീസർമാരും:

എസ്.ബി. കോളേജ് ചങ്ങനാശ്ശേരി - അനീഷ് കെ.ജോസഫ്, കാതോലിക്കേറ്റ് കോളേജ് പത്തനംതിട്ട - സജിത് ബാബു എസ്., എസ്.എച്ച്. കോളേജ് തേവര - രാഗം പി.എം., സെന്റ് തെരേസാസ് കോളേജ് എറണാകുളം - ഡോ. എലിസബത്ത് കുരുവിള, സെന്റ് തോമസ് കോളേജ്, പാലാ - ഡോ. സിറിയക് ജോസ്, സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൻ, ആലുവ - ജാസ്മിൻ ഗോൺസാൽവസ്.

സർവകലാശാലയിലെ ഏറ്റവും മികച്ച എൻ.എസ്.എസ്. പുരുഷ വോളണ്ടിയർമാർ: വിഷ്ണു അജയൻ - മാർത്തോമാ കോളേജ് തിരുവല്ല, നവീൻ ജിമ്മി - എസ്.ബി. കോളേജ് ചങ്ങനാശ്ശേരി, സഞ്ജു ജെയിംസ് - സെന്റ് തോമസ് കോളേജ്, പാലാ, അലൻ കുര്യാക്കോസ് - കെ.ജി. കോളേജ്, പാമ്പാടി.

ഏറ്റവും മികച്ച എൻ.എസ്.എസ്. വനിതാ വോളണ്ടിയർമാർ: എൽസാ മാണി - ബസേലിയോസ് പൗലോസ് 2 കാതോലിക്കേറ്റ് കോളേജ്, പിറവം, തെരേസ ഡേവിസ് - എസ്.എച്ച്. കോളേജ്, തേവര, നവ്യ സുരേഷ് - സി.എം.എസ്. കോളേജ്, കോട്ടയം, മരിയ എൽസ - സെന്റ് തെരേസാസ് കോളേജ്, എറണാകുളം.

കൂടാതെ വിവിധ കോളേജുകളിൽ നിന്നുള്ള പ്രോഗ്രാം ഓഫീസർമാർ, പുരുഷ-വനിതാ വോളണ്ടിയർമാർ എന്നിവർ പ്രശംസാപത്രത്തിന് (സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷൻ) അർഹരായി. വൈസ് ചാൻസലർ അധ്യക്ഷനായ അവാർഡ് നിർണയ സമിതിയാണ്. അവാർഡ് ജേതാക്കളെ തെരഞ്ഞെടുത്തത്.

(പി.ആർ.ഒ/39/662/2021)

## അപേക്ഷ തീയതി നീട്ടി

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലെയും രണ്ടാം സെമസ്റ്റർ എം.സി.എ. പരീക്ഷയ്ക്ക് പിഴയില്ലാതെ ജൂലൈ 22 വരെയും 525 രൂപ പിഴയോടെ ജൂലൈ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജൂലൈ 24 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/663/2021)

## അപേക്ഷ തീയതി

മൂന്നാം സെമസ്റ്റർ (2019ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി), അഞ്ചാം സെമസ്റ്റർ (2018 അഡ്മിഷൻ - റഗുലർ/2017 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/2017ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി) ബി.ആർക് പരീക്ഷകൾക്ക് പിഴയില്ലാതെ ഓഗസ്റ്റ് നാലുവരെയും 525 രൂപ പിഴയോടെ ഓഗസ്റ്റ് അഞ്ചുവരെയും 1050 രൂപ സൂപ്പർഫൈനോടെ ഓഗസ്റ്റ് ആറുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/664/2021)

## സി.എ.റ്റി 2021; അപേക്ഷ തീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററിലും നടത്തുന്ന വിവിധ എം.എ., എം.എസ് സി., എം.റ്റി.റ്റി.എം., എൽ.എൽ.എം., മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ്, എം.എഡ്, എം.ടെക്, ബി.ബി.എ. എൽ.എൽ.ബി. എന്നീ പ്രോഗ്രാമുകളിലേക്ക് 2021-22 അക്കാദമിക വർഷത്തെ പ്രവേശനത്തിന് അപേക്ഷ സ്വീകരിക്കുന്നതിനുള്ള സമയപരിധി ജൂലൈ 23ന് ഉച്ചയ്ക്ക് 12 വരെ ദീർഘിപ്പിച്ചു. കോവിഡ് -19 വ്യാപനം മൂലമുള്ള പ്രത്യേക സാഹചര്യം പരിഗണിച്ചാണ് ഈ തീരുമാനം. പൊതുപ്രവേശന പരീക്ഷ, മുൻ നിശ്ചയിച്ച പ്രകാരം ഓഗസ്റ്റ് 12, 13 തീയതികളിൽ നടക്കും. ഹാൾടിക്കറ്റ് www.cat.mgu.ac.in എന്ന വെബ് സൈറ്റ് വഴി ജൂലൈ 28

മുതൽ ഡൗൺലോഡ് ചെയ്യാം. കൂടുതൽ വിവരത്തിന് ഫോൺ: 9188661784, 0481-2733595, ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/665/2021)

## പരീക്ഷ തീയതി

മൂന്നാം വർഷ എം.എസ് സി. മെഡിക്കൽ അനാട്ടമി (2017 അഡ്മിഷൻ - റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ ഓഗസ്റ്റ് ആറ്, ഒൻപത് തീയതികളിൽ നടക്കും. പിഴയില്ലാതെ ജൂലൈ 27 വരെയും 525 രൂപ പിഴയോടെ ജൂലൈ 28 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജൂലൈ 29 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/666/2021)

## പ്രാക്ടിക്കൽ

സീപാസിലെ ആറാം സെമസ്റ്റർ ബി.ടെക് (2017 അഡ്മിഷൻ - റഗുലർ, 2017ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 26ന് തൊടുപുഴയിലെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ നടക്കും. വിശദവിവരത്തിന് കോളേജ് അധികൃതരുമായി ബന്ധപ്പെടണം.

(പി.ആർ.ഒ/39/667/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക്റിലേഷൻസ് ഓഫീസർ